## ദേശീയ നഗര ഉപജീവന ദൗത്യം – പ്രവർത്തന റിപ്പോർട്ട്

## സിറ്റി മിഷൻ മാനേജർ – ബൈജു സി എം– 2015 സെപ്റ്റംബർ– 2020 ജനുവരി

### സാമൂഹിക സംഘാടനവും സ്ഥാപന വികസനവും

### അയൽക്കൂട്ട രൂപീകരണം

കാസർഗോഡ് നഗരസഭയിൽ 52 അയൽക്കൂട്ടങ്ങളും നീലേശ്വരം നഗരസഭയിൽ 68 അയൽക്കൂട്ടങ്ങളും പയ്യന്നൂർനഗരസഭയിൽ 26 അയൽക്കൂട്ടങ്ങളും തളിപ്പറമ്പ് നഗരസഭയിൽ 10 അയൽക്കൂട്ടങ്ങളും മട്ടന്നൂർ നഗരസഭയിൽ 22 അയൽക്കൂട്ടങ്ങളിലൂടെ 2700 സ്ത്രീകളെ കുടുംബശ്രീ കൂട്ടായ്മയിലേക്ക് എത്തിക്കുന്നതിന് സാധിച്ചു. നിർജ്ജീവമായ 22 അയൽക്കൂട്ടങ്ങളെ പുനരദ്ധരിച്ച് പ്രവർത്തനക്ഷമമാക്കി

### സി ബി ഒ ട്രയിനിംഗ്

കാസർഗോഡ് നഗരസഭയിൽ 37 വാർഡിലേയും എ ഡി എസ്സ് മെമ്പർമാർക്ക് സി ബി ഒ ട്രയിനിംഗ് നൽകി

### മൊഡ്യൂൾ 1 ,2 പരിശീലനം

കാസർഗോഡ് നഗരസഭയിൽ 42 അയൽക്കൂട്ടങ്ങൾക്കും നീലേശ്വരം നഗരസഭയിൽ 48 അയൽക്കൂട്ടങ്ങൾക്കും മൊഡ്യൂൾ 1,2 പരിശീലനങ്ങൾ നൽകി

### റിവോൾവിംഗ് ഫണ്ട്

കാസർഗോഡ് നഗരസഭയിൽ 128 അയൽക്കൂട്ടങ്ങൾക്കും 35 എ എൽ ഫു കൾക്കും, നീലേശ്വരം നഗരസഭയിൽ 322 അയൽക്കൂട്ടങ്ങൾക്കും 31 എ എൽ ഫു കൾക്കും പയ്യന്നൂർ നഗരസഭയിൽ 522 അയൽക്കൂട്ടങ്ങൾക്കും 44 എ ൽ എഫുകൾക്കും തളിപ്പറമ്പ് നഗരസഭയിൽ 122 അയൽക്കൂട്ടങ്ങൾക്കും 22 എ എൽ എഫുകൾക്കും മട്ടന്നൂർ നഗരസഭയിൽ 332 അയൽക്കൂട്ടങ്ങൾക്കും 34 എഎൽഎഫുകൾക്കും റിവവോൾവിംഗ് ഫണ്ടിനത്തിൽ ആകെ 1426 അയൽക്കൂട്ടങ്ങൾക്കും 166 എ എൽ എഫുകൾക്കുമായി 2,25,60,000/- രൂപയുടെ അനുമതി ലഭ്യമാക്കി വിതരണം നടത്താൻ സാധിച്ചു.

## നൈപുണ്യ പരിശീലനവും തൊഴിലും

നൈപുണ്യ പരിശീലനത്തിനും തൊഴിലിനുമായി കാസർഗോഡ് നഗരസഭയിൽ 127 പേർക്കും നീലേശ്വരം നഗരസഭയിൽ 78 പേർക്കും പയ്യന്നൂർ നഗരസഭയിൽ 30 പേർക്കും തളിപ്പറമ്പ് നഗരസഭയിൽ 18 പേർക്കും മട്ടന്നൂർ നഗരസഭയിൽ 44 പേർക്കും പരിശീലനം നൽകി 86 പേർക്ക് തൊഴിൽ ഉറപ്പാക്കാനും സാധിച്ചിട്ടുണ്ട്

## സ്വയം തൊഴിൽ പദ്ധതി

കാസർഗോഡ് നഗരസഭയിൽ 26 വ്യക്തിഗത സംരംഭങ്ങളും 3 ഗ്രൂപ്പ് സംരംഭങ്ങളും നീലേശ്വരം നഗരസഭയിൽ 22 വ്യക്തിഗത സംരംഭങ്ങളും 7 ഗ്രൂപ്പ് സംരംഭങ്ങളും ആരംഭിച്ച് 98 കുടുംബങ്ങൾക്ക് ഉപജീവനം ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ട്. ഇതിനായി സംരംഭകത്വ പരിശീലനങ്ങൾ കാസർഗോഡ് നഗരസഭയിൽ 78 പേർക്കും നീലേശ്വരം നഗരസഭയിൽ 50 പേർക്കും പയ്യന്നൂർ നഗരസഭയിൽ 60 പേർക്കും തളിപ്പറമ്പ് നഗരസഭയിൽ 28 പേർക്കും മട്ടന്നൂർ നഗരസഭയിൽ 120 പേർക്കും നൽകിയിട്ടുണ്ട്.

## തെരുവ് കച്ചവടക്കാർക്കുള്ള പിന്തുണ

കാസർഗോഡ് നഗരസഭയിൽ 193 പേരേയും നീലേശ്വരം നഗരസഭയിൽ 98 പേരേയും പയ്യന്നൂർ നഗരസഭയിൽ 92 പേരേയും തളിപ്പറമ്പ് നഗരസഭയിൽ 178 പേരേയും മട്ടന്നൂർ നഗരസഭയിൽ 34 പേരേയും തെരുവ് കച്ചവട സർവ്വേയിലൂടെ കണ്ടെത്തി. അതിൽ കാസറഗോഡ് നഗരസഭയിൽ 134 പേർക്കും നീലേശ്വരം നഗരസഭയിൽ 88 പേർക്കും മട്ടന്നൂർനഗരസഭയിൽ 32 പേർക്കും തെരുവ് കച്ചവട തിരിച്ചറിയൽക്കാർഡ് നൽകി. പയ്യന്നൂർ നഗരസഭയിൽ 60 പേർക്കും തളിപ്പറമ്പ് നഗരസഭയിൽ 138 പേർക്കും തിരിച്ചറിയൽ കാർഡ് നൽകുന്നേതിനുള്ള പ്രവർത്തനങ്ങൾ ക്രമീകരിച്ചു.

## തെരുവ് കച്ചവട മേഖല നിർമ്മാണം

കാസർഗോഡ് നഗരസഭയിൽ തെരുവ് കച്ചവടക്കാരെ പുനരധിവസിപ്പിക്കുന്നതിനായി തെരുവ് കച്ചവട മേഖല നിർമ്മിക്കുന്നതിന് സ്ഥലം അനുവദിക്കുകയും 36 ലക്ഷം രൂപയുടെ പദ്ധതിയ്ക്ക് അനുമതി ലഭിക്കുകയും ചെയ്തു. പ്രസ്തുത മേഖല പണി പൂർത്തിയാകുമ്പോൾ 64 തെരുവ് കച്ചവടക്കാരെ പുനരധിവസിപ്പിക്കാൻ സാധിക്കും.

## തെരുവോര കച്ചവടക്കാർക്കുള്ള സ്വയം തൊഴിൽ

നീലേശ്വരം നഗരസഭയിൽ 2 തെരുവ് കച്ചവടക്കാർക്ക് സംരംഭം ആരംഭിക്കുന്നതിന് പലിശ സബ്സിഡിയോട് കൂടി ബാങ്ക് ലോൺ ലഭ്യമാക്കി.

നഗരത്തിൽ അന്തിയുറങ്ങുന്ന വർക്കുള്ള പിന്തുണ

കാസർഗോഡ് നഗരസഭയിൽ 48 പേരേയും നീലേശ്വരം നഗരസഭയിൽ 9 പേരേയും പയ്യന്നൂർ നഗരസഭയിൽ 18 പേരേയും തളിപ്പറമ്പ് നഗരസഭയിൽ 6 പേരേയും രാത്രികാലത്ത് സർവ്വേ നടത്തി കണ്ടെത്തി. ഇതിൽ പയ്യന്നൂർ നഗരസഭയിൽ ആശുപത്രിയിൽ വരുന്ന രോഗികളെ ശുശ്രൂഷിക്കുന്നവർക്ക് താമസിക്കുന്നതിന് ഷെൽട്ടർ പണിയുന്നതിനായി 1 കോടി 20 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി അനുമതി ലഭ്യമാക്കി.

നൂതനമായ പദ്ധതികൾ

നീലേശ്വരം നഗരസഭയിൽ ഡേ കെയർ സെന്ററും , ജിംനേഷ്യവും ആരംഭിച്ച് 10 വനിതകൾക്ക് സംരംഭകത്ത്വത്തിലേക്ക് എത്തിക്കുവാൻ സാധിച്ചു. കാസർഗോഡ് നഗരസഭയിൽ കുടുംബശ്രീ വിപണന കേന്ദ്രം സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ ആരംഭിച്ച് 5 വനിതകൾക്ക് ജോലി ഉറപ്പിക്കുവാൻ സാധിച്ചു. മട്ടന്നൂർ നഗരസഭയിൽ എ എൽ എഫ് റിവോൾവിംഗ് ഫണ്ട് ഉപയോഗിച്ച് സ്റ്റീൽ പ്ലേറ്റും ഗ്ലാസ്സും വാങ്ങി എ എഡി എസ്സിനെ ശാക്തീകരിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

പ്രത്യേക പരിപാടികൾ

ക്വിറ്റ് ഇൻഡ്യ റാലി

കാസർഗോഡ് നഗരസഭയിൽ നാല് വാർഡുകളിലും നീലേശ്വരം നഗരസഭയിൽ 4 വാർഡുകളിലും പയ്യന്നൂർ നഗരസഭയിൽ നാല് വാർഡുകളിലും ക്വിറ്റ് ഇൻഡ്യ നാലി നടത്തി

സ്പർശം ക്യാമ്പ്യൻ

നീലേശ്വരം നഗരസഭയിൽ സ്പർശം ക്യാമ്പ്യൻ നടത്തി താഴെ തട്ടിലുള്ള കുടുംബശ്രീ അംഗങ്ങൾക്കിടയിൽ കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിവരങ്ങൾ എത്തിക്കുന്നതിനും അതിലൂടെ നഗരസഭയിൽ കൂടുതൽ ആളുകൾ കുടുംബശ്രീയിൽ ചേരുകയും സംരംഭകരുടെ എണ്ണം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്.

ഫുഡ് ഫെസ്റ്റ്

കാസർഗോഡ് നഗരസഭയിൽ നോമ്പ് തുറ വിഭവങ്ങളുടെ പ്രത്യേക ഫുഡ് ഫെസ്റ്റ് നടത്തി 98000 രൂപയുടെ വിറ്റ് വരവ് ഉണ്ടാക്കി. നീലേശ്വരം നഗരസഭയിൽ രണ്ട് തവണ ഫുഡ് ഫെസ്റ്റ് നടത്തി . ആദ്യത്തെ തവണ 10 ദിവസം തുടർച്ചയായി ഫെസ്റ്റ് നടത്തി 334000 രൂപയുടെ വിറ്റു വരവ് ഉണ്ടാക്കി. രണ്ടാമത് തവണ സംസ്ഥാന സ്ക്കൂൾ കലോൽസവത്തോടനുബന്ധിച്ച് മൂന്ന് ദിവസത്തെ ഫെസ്റ്റ് നടത്തി 322000 രൂപയുടെ വിറ്റ് വരവ് ഉണ്ടാക്കി. രണ്ടാമത് തവണ ഫെസ്റ്റ് നടത്തിയപ്പോൾ സംരംഭക രിൽ നിന്നും ശേഖരിച്ച പണം മാത്രം മുടക്കിയാണ് പ്രവർത്തനങ്ങൾ നടത്തിയത്.